# ബന്ധനങ്ങൾ

രണ്ടായിരത്തിപതിമൂന്ന് മാർച്ച് മാസം പത്താം തീയതി സങ്കേതഭവനത്തിൽ ബഹുമാനപ്പെട്ട പോൾ റമ്പാച്ചൻ നടത്തിയ ധ്യാനപ്രസംഗത്തിന്റെ പൂർണ്ണരൂപം.

വിശുദ്ധ നോമ്പിന്റെ അഞ്ചാം വാരാം.

വിശുദ്ധ ലൂക്കൊസ് 13:10 – 17

വേദഭാഗത്തിൽ കൂനിയായ ഒരു സ്ത്രീ 18 സംവത്സരത്തിനുശേഷം ബന്ധനത്തിൽ നിന്ന് വിടുവിക്കപ്പെട്ട് നിവർന്നുനിന്ന് ദൈവത്തെ സ്തുതിച്ച് ആരാധിച്ച് സന്തോഷിക്കുന്ന രംഗം കാണുന്നു. അഞ്ചാം വാരനോമ്പിലേക്ക് പ്രവേശിക്കുന്ന നാം, കഴിഞ്ഞ നാല് വാരത്തിലെ നമ്മുടെ പ്രാർത്ഥനയും നോമ്പും ഉപവാസവും കുമ്പിടിലും നമ്മുടെ ചില ബന്ധനങ്ങൾ അഴിയുവാൻ നമ്മളെ പാകമാക്കിയിട്ടുണ്ടോ? ബന്ധനങ്ങൾക്ക് ഒരു കാലാവധിയുണ്ടെന്നും അത് പാകമാകുമ്പോൾ നാം ആരാധന സ്ഥലത്ത് ഉണ്ടെങ്കിൽ, കർത്താവ് വന്ന് നമ്മളെ അഴിച്ചുവിടുമെന്ന വലിയ സന്ദേശമാണ് ഇന്നത്തെ തിരുവചനം നമ്മളെ പഠിപ്പിക്കുന്നത്. ഇന്ന് ബന്ധനം അഴിക്കപ്പെട്ട സ്ത്രീ പതിനെട്ട് സംവത്സരമായി ബന്ധനത്തിൽ ആയിരുന്നുയെന്ന് സൂചിപ്പിക്കുന്നു. പതിനെട്ട് വർഷങ്ങൾ ബന്ധനത്തിൽ സാത്താന് അവളെ പിടിച്ചിടാൻ കഴിഞ്ഞു എന്നത് ചിന്തിക്കേണ്ടതായ കാര്യമാണ്. കത്തിക്കുവാൻ ഈ ഭൂമിയിൽ കാത്തുകിടക്കുന്ന സാത്താനെ, കത്തുന്നതിന് മുമ്പ് കുറെ പേരെയെങ്കിലും എങ്ങനെയെങ്കിലും ബന്ധിച്ച് അവരെ വിഷമിപ്പിക്കുന്നതിൽ ഒരു രസമുണ്ടെന്ന്, ദൈവത്തോടും മനുഷ്യരോടുമുള്ള സാത്താന്റെ വിരോധം എത്രമാത്രം ഉണ്ടെന്നും കാണിക്കുന്നു. സാത്താൻ പതിനെട്ട് സംവത്സരങ്ങൾ അവളെ ബന്ധിച്ചിരുന്നു. പക്ഷേ ആ ബന്ധനം വകവയ്ക്കാതെ അവൾ ആരാധനയ്ക്കു വന്നുകൊണ്ടിരുന്നു. ബന്ധനങ്ങൾ വകവയ്ക്കാതെ ഉള്ള ശക്തി ഉപയോഗിച്ച്, ഉള്ള ആരോഗ്യം ഉപയോഗിച്ച്, ആരാധനസ്ഥലത്ത് വന്നപ്പോൾ ബന്ധനത്തിന്റെ കാലാവധി തീരുന്നത് ഒരു ശനിയാഴ്ച ആണ്, അവൾ വിടുവിക്കപ്പെടുന്നതായി കാണുന്നത്.

സ്വർഗ്ഗകോടതിയുടെ വിധി അനുസരിച്ച് ഇവൾ ഇങ്ങനെ പതിനെട്ട് വർഷങ്ങൾ പിശാചിനാൽ ബന്ധിക്കപ്പെടണം എന്ന്, ദൈവം കൂടി അനുവദിച്ചിട്ടാണ് ഇവൾക്ക് ഈ ബന്ധനങ്ങൾ ഉണ്ടായിരിക്കുന്നത്. നമ്മുടെ കഴിഞ്ഞകാല ധ്യാനജീവിതത്തിൽ, നാം കണ്ടെത്തിയ ഒരു കാര്യമാണ്, പല തരത്തിലുള്ള ബന്ധനങ്ങൾ നമുക്ക് ഉണ്ടാകാൻ സാധ്യതയുണ്ട്. ഇന്ന് നമുക്ക് ഏതെല്ലാം തരത്തിലുള്ള ബന്ധനങ്ങളാണ് ഉള്ളത്. ഈ ലോകത്തിൽ ഒരു പാപവും ചെയ്യാത്ത യേശുവിന് ബന്ധനം ഉണ്ടായി. പാപിയെ രക്ഷിക്കുവാൻ, പാപിയ്ക്കുവേണ്ടി ജാമ്യം നിന്നതുകൊണ്ട്, പാപിയ്ക്കുവേണ്ടി പ്രാർത്ഥിച്ചതുകൊണ്ട്, കർത്താവിന് ബന്ധനമുണ്ടായി. കർത്താവ് ബന്ധിക്കപ്പെട്ട്, തൂണിന്മേൽ കെട്ടിയിടപ്പെട്ട് ആയിരക്കണക്കിന് അടികൊള്ളുന്നതായി നാം കഷ്ടാനുഭവത്തിൽ ധ്യാനിച്ചിട്ടുള്ളതാണ്. കർത്താവിനെ ജയിലിൽ ഇട്ടിട്ടുണ്ട്. കർത്താവിനെ ബന്ധിച്ച് കോടതിയിൽ കൊണ്ടുപോയി നിർത്തിയിട്ടുണ്ട്. അപ്പോൾ ബന്ധനം, ഒരു പാപവും ഇല്ലാത്തവർക്കും ഈ ഭൂമിയിൽ ഉണ്ടാകാം.

നമ്മുടെ ആദ്യമാതാപിതാക്കൾ പിശാചിന് ഈ ഭൂമിയുടെ അവകാശം കൊടുത്തുകൊണ്ട്, ഈ ലോകത്തിൽ പിറന്നു വീഴുന്ന സകലരെയും ബന്ധിപ്പിക്കുവാനോ പീഡിപ്പിക്കുവാനോ ദണ്ഡിപ്പിക്കുവാനോ ഒക്കെ പിശാചിന് ദൈവം അധികാരം കൊടുത്തിട്ടുണ്ട് എന്ന കാര്യം നാം അംഗീകരിക്കണം. അത് ബന്ധനത്തിന്റെ കെടുതികൾ അനുഭവിച്ചിട്ട് ബന്ധനം കഴിയുമ്പോൾ, വിടുതൽ കിട്ടുമ്പോൾ ലഭിക്കുന്ന സ്വാതന്ത്ര്യത്തിന്റെ രുചി വർദ്ധിക്കാനാണ്, ബന്ധനത്തിന്റെ കാലാവധി കർത്താവ് അനുവദിച്ചു കൊടുക്കുന്നത്. നമ്മൾ ഏതെല്ലാം തരത്തിലെ ബന്ധനത്തിൽ ആയാലും, ആ ബന്ധനത്തിന്റെ കാലാവധി തീരുന്ന ഒരു ദിവസമുണ്ട്. ആ ദിവസം, ആ ബന്ധനം തീരുന്നത് ആരാധനസ്ഥലത്തുവച്ച് ആയിരിക്കും എന്നതും, നാം ചിന്തിക്കേണ്ടതാണ്.

ബന്ധനം ആഴിയും കെട്ടുകൾ ആഴിയും ആരാധനയിങ്കൽ... എന്ന് പാട്ടുകാരൻ പാടാൻ കാരണം, ആത്മാവിലും സത്യത്തിലും കൂട്ടായ്മയിലും ആരാധിക്കുമ്പോൾ, ബന്ധനത്തിന്റെ കാലാവധി തീർത്ത് അവർക്ക് സ്വാതന്ത്ര്യം കൊടുക്കുന്ന ഒരു പദ്ധതിയും ദൈവത്തിന് ഉണ്ടെന്നുള്ള കാര്യം ഇവിടെ ഓർമ്മിപ്പിക്കുന്നു. കഴിഞ്ഞ നാല് വാരങ്ങളിൽ നമ്മുടെ ഉപവാസവും പ്രാർത്ഥനയും ആരാധനയും കുമ്പിടിലും കഴിഞ്ഞ് ഇന്ന് ആരാധിക്കുമ്പോൾ നമ്മുടെ ഏതെങ്കിലും തരത്തിലുള്ള ബന്ധനങ്ങൾ ആഴിക്കുന്ന ദിവസമായിരിക്കുമോ? ഇന്നത്തെ ആരാധന, ബന്ധനം ആഴിയാനും കെട്ടുകൾ ആഴിയാനും നിവർന്ന് നിന്ന് ദൈവത്തെ ആരാധിക്കുന്ന ദിവസമാകുമോ എന്ന് നമുക്ക് പരിശോധിക്കാം. പാപം ഇല്ലാത്ത യേശുവിന് ബന്ധനം ഉണ്ടായി എങ്കിൽ, നമ്മുടെ പാപങ്ങൾ മോചിച്ചതിനുശേഷവും, പരിഹരിക്കപ്പെട്ടതിനുശേഷവും നമുക്ക് ബന്ധനം ഉണ്ടാകാൻ സാധ്യതയുണ്ട്. യേശുവിനെ അനുസരിച്ച ശിഷ്യന്മാർക്ക് എല്ലാ ബന്ധനം ഉണ്ടായിട്ടുണ്ട്. പത്രൊസ് ശ്ലീഹാ പാപിയായി വിളിക്കപ്പെട്ടു. അല്പവിശ്വാസിയായി ജീവിതം തുടരുന്നു. താണും വീണും എഴുന്നേററിട്ടും ഒക്കെ മൂന്നരകൊല്ലം കർത്താവിനെ അനുഗമിച്ചെങ്കിലും ഉയിർത്തെഴുന്നേററ യേശുവിനെ കണ്ട് വിശ്വാസം പുതുക്കി, സ്നേഹം പുതുക്കി, പെന്തിക്കൊസ്തിയിൽ ആത്മാവിൽ നിറഞ്ഞതിനുശേഷം, പത്രൊസ് ശ്ലീഹാ ആയിരകണക്കിന് ആളുകളെ നേടി.

ഒരു സുവിശേഷവേല ചെയ്തപ്പോൾ ഈ സാത്താന് അസൂയ ഉണ്ടായിട്ട് അന്നുണ്ടായിരുന്ന ഭരണാധികാരികളെ പ്രകോപിച്ചിട്ട് പത്രൊസിനെ പിടിച്ച് ജയിലിൽ ഇടുന്നു. ആ ജയിലറയിൽ രാത്രിയിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ, അനേകർ പത്രൊസിനുവേണ്ടി പ്രാർത്ഥിച്ചപ്പോൾ ആരാധനയുടെയിടയിൽ പത്രൊസിന്റെ ബന്ധനം ആഴിഞ്ഞിട്ട്, സ്വതന്ത്രനായി, ആരാധന നടത്തുന്ന ദൈവമക്കളുടെ അടുത്ത് ചെന്ന് അവരെ സന്തോഷിപ്പിക്കുന്ന രംഗം നമ്മൾ കാണുന്നുണ്ട്. അവിടെയും ബന്ധനം അഴിയുവാൻ നമ്മുടെയും മററുള്ളവരുടെയും ആരാധന ഉതകുമെന്ന് പഠിപ്പിക്കുന്നു. അപ്പൊസ്തലനായ പൗലൊസ് കർത്താവിനെയും കർത്താവിന്റെ പ്രിയപ്പെട്ടവരെയും വേദനിപ്പിക്കുന്നതിൽ രസിക്കുന്ന ഒരു കാലം. അനേകരെ വരിഞ്ഞ് കെട്ടിമുറുക്കി, രസിച്ച അങ്ങനെ ഒരു കാലം ശൗലിന് ഉണ്ടായിരുന്നെങ്കിലും ശൗൽ കർത്താവിനെ കണ്ടതിനുശേഷം, മാനസാന്തരപ്പെട്ട്, അനേകരെ യേശുവിങ്കലേക്ക് നേടി കഴിഞ്ഞപ്പോൾ, അറേബ്യയിൽ തപസ്സ് ചെയ്തു, തന്റെ ആത്മനിറവ്, അത് അനേകരെ നേടുവാൻ പററിയ തരത്തിൽ നന്മയാൽ തിന്മയെ ജയിക്കുന്ന യുദ്ധക്കളത്തിലെ യോദ്ധാവായി താൻ മാറികഴിഞ്ഞപ്പോൾ,

പൗലൊസിനെ ബന്ധിച്ച് കാരാഗ്രഹത്തിൽ ആകുന്നതായി കാണുന്നു. അങ്ങനെ പൗലൊസ് ബന്ധിക്കപ്പെട്ട്, ജയിലിൽ കിടക്കുന്ന സമയത്താണ് പല ലേഖനങ്ങളും എഴുതിയ കാര്യം ഒരു ചരിത്രസത്യമാണ്. അപ്പോൾ യേശുവിനും പത്രൊസിനും പൗലൊസിനും ബന്ധനം ഉണ്ടായി. മററ് പല അപ്പൊസ്തലന്മാർക്കും അത് ഉണ്ടായി. കർത്താവിന്റെ മാറിൽ ചാരിയ യോഹന്നാനും ബന്ധനമുണ്ടായി. തന്നെ ബന്ധനസ്ഥനാക്കി പത്മൊസ് ദ്വീപിലേക്ക് നാടുകടത്തി. അവിടെ വച്ചാണ് തനിക്ക് വലിയ വെളിപ്പാടുകൾ ലഭിച്ച്, അവ എഴുതിവയ്ക്കുന്നു. അപ്പോൾ യേശുവിനും അപ്പൊസ്തലന്മാർക്കും മാത്രമല്ല, പഴയനിയമത്തിലെ പ്രവാചകന്മാർക്കും ബന്ധനം ഉണ്ടായിരുന്നു. പ്രവാചകനായിരുന്ന യിരമ്യാവിനെ വരഞ്ഞുകെട്ടി ചേറുനിറഞ്ഞ ഒരു കിണററിൽ ഇട്ടു. അനേകം നാളുകൾ അവിടെ കിടക്കേണ്ടിവന്നു. ഒരു പാപവും ചെയ്തിട്ടില്ല, ദൈവത്തിന്റെ അരുളപ്പാടുകൾ അന്ന് ഉണ്ടായിരുന്ന, കഠിനഹൃദയന്മാരായ യെഹൂദന്മാരോട് പറഞ്ഞു, അന്നത്തെ രാജാവിനോട് പറഞ്ഞു എന്നതുകൊണ്ട് മാത്രം, യിരമ്യാവിനെ പിടിച്ച് കിണററിൽ ഇട്ടു, അത് ചേററ് കുഴിയായിരുന്നു, മരിച്ചില്ലായെന്നു മാത്രം. പിന്നെ വളരെ വൈകിമാത്രമാണ് യിരമ്യാവിന് മോചനം ലഭിക്കുന്നത്. ഇങ്ങനെ പ്രവാചകന്മാർക്കും അപ്പൊസ്തലന്മാർക്കും യേശുവിന് ബന്ധനമുണ്ടായി എങ്കിൽ, നമുക്കു ബന്ധനം വരാം. നമുക്ക് വരുന്ന ബന്ധനങ്ങൾ ദൃശ്യവും അദൃശ്യവും പ്രത്യക്ഷവും പരോക്ഷവുമായ പല തരത്തിലുള്ള ബന്ധനമുണ്ട്.

തിരുവചനം വായിക്കുമ്പോൾ പ്രത്യക്ഷമായും പരോക്ഷമായും ഉള്ള ബന്ധനത്തെ പരമാർശിക്കുന്ന പല വേദഭാഗങ്ങൾ ഉണ്ട്. 'നീ എന്റെ ബന്ധനം അഴിച്ചിരിക്കുന്നു' എന്ന് സങ്കീർത്തനങ്ങൾ 116:16 ാം വാക്യത്തിൽ എഴുതിയിരിക്കുന്നു. സങ്കീർത്തനക്കാരന് ബന്ധനം ഉണ്ടായിരുന്നു എന്നും, അത് ദൈവം അഴിക്കുകയായിരുന്നു എന്നും. അത് ആത്മാവിൽ സങ്കീർത്തനങ്ങൾ പാടി ആരാധിച്ചപ്പോഴാണ്, ബന്ധനം അഴിഞ്ഞതെന്നും 116 ാം സങ്കീർത്തനക്കാരൻ പറയുന്നു. അതേ സങ്കീർത്തനക്കാരൻ ( 142:7) നീ എന്നെ കാരാഗ്രഹത്തിൽ നിന്ന് വിടുവിക്കേണം എന്ന് പ്രാർത്ഥിച്ചപ്പോൾ, സങ്കീർത്തനക്കാരന് ജയിൽ ഉണ്ടായിരുന്നു എന്ന് സൂചന ഉണ്ട്. ദൃശ്യവും അദൃശ്യവും ആയ ജയിൽ ഉണ്ട്. അതിൽ നിന്ന് വിടുവിക്കപ്പെടുവാൻ ആരാധനയും സങ്കീർത്തനവും സങ്കീർത്തനധ്യാനവും ആവശ്യമാണ് എന്ന് കാണുന്നു. യെശയ്യാവിന്റെ പുസ്തകത്തിൽ (28:22) ബന്ധനങ്ങൾ മുറുകിപ്പോകാതിരിക്കാൻ പരിഹാസി ആയിരിക്കരുത് എന്ന മുന്നറിയിപ്പാണ് നൽകുന്നത്, അപ്പോൾ ഓരോ പരിഹാസവും നമ്മുടെ ഉള്ളിൽ രഹസ്യമായ് ബന്ധനം ഉണ്ടാകും. അദൃശ്യമായ ബന്ധനങ്ങൾ ഉണ്ട്. അത് പരിഹാസത്തിൽ നിന്ന് ഉണ്ടാകുന്നതാണ്. നാം ആരെയെല്ലാം പരിഹസിച്ചിരിക്കുന്നു. പ്രത്യക്ഷയമായും പരോക്ഷമായും രഹസ്യമായും നേരിട്ടും ആരെയെല്ലാം പരിഹസിച്ചിരിക്കുന്നു.

പരിഹസിക്കാൻ ഉപയോഗിച്ച നമ്മുടെ ശക്തി അത് പിശാച് എടുത്തിട്ട്, പിശാചിന്റെ ശക്തി കൂടി ചേർത്ത് അതിനെ ഒരു കയർ ആക്കിയിട്ട്, കെട്ടിയിടാൻ സാധിക്കും. Energy is consent എന്ന തത്വപ്രകാരം നാം ഒരാളെ പരിഹസിക്കാൻ ഉപയോഗിക്കുന്ന ആ ശക്തി നമ്മളിൽ നിന്ന് വേർപെട്ടാൽ, അത് പിശാചിന്റെ കൈയിൽ കിട്ടും. അത് പിശാചിന്റെ വർക്ക്ഷോപ്പിൽ കൊണ്ടുപോയി, അതിനെ കെട്ടാനുള്ള ഒരു കയർ ആക്കി മാററി നമ്മളെ തന്നെ കെട്ടിയിടും. ഒന്നാമത്തെ പരിഹാസത്തിൽ ഒരു ചുററ് കെട്ട് വീണിരിക്കും. രണ്ടാമത്തെ പരിഹാസത്തിൽ ആ ചുററിന്റെ എണ്ണം വർദ്ധിക്കും. മൂന്നാമത്തെ പരിഹാസത്തിൽ ഒരു ചുററ് കൂടി വീഴും. ഇങ്ങനെ ഒരോ പരിഹാസവും തീരുമ്പോൾ നമ്മളെ ചുററുന്ന ആ കെട്ടിന്റെ (ബന്ധനം) എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കും. അത് മാത്രമല്ല, അത് പിന്നെ മുറുകാൻ തുടങ്ങും. നിന്റെ ബന്ധനങ്ങൾ മുറുകിപോകാതിരിപ്പാൻ പരിഹാസിയായിരിക്കരുത് എന്നു പറയുന്നു. യെശയ്യാവ് 28:22.

പരിഹാസം കൂടുന്നതിനനുസരിച്ച് ചുററിന്റെ എണ്ണം കൂടും. ചുററിന്റെ എണ്ണം കൂടുന്നതിനനുസരിച്ച് അത് വരിഞ്ഞ് മുറുകികൊണ്ടിരിക്കും. അങ്ങനെ പരിഹാസത്തിന്റെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് ബന്ധനത്തിന്റെ കാഠിന്യം വർദ്ധിച്ചുകൊണ്ടിരിക്കും. അങ്ങനെയെങ്കിൽ നമ്മളിലും നമ്മുടെ പൂർവ്വികരിലും എത്രമാത്രം പരിഹാസത്തിന്റെ ബന്ധനങ്ങൾ ഉണ്ട്. ഇങ്ങനെ ബന്ധനങ്ങൾ പലവിധമാണ്. നമ്മൾ തന്നെ നമ്മെ കെട്ടുവാൻ, നമ്മൾ ദൈവത്തെ ആരാധിക്കേണ്ടതായ സമയത്ത് വ്യർത്ഥ സംസാരങ്ങളും കാര്യങ്ങൾക്കും നാം സമയം ചിലവഴിച്ചാൽ, അതെല്ലാം നമ്മുടെ പ്രാണനെ പാതാളത്തിലേക്ക് കളഞ്ഞിട്ട്, ആ പാതാളത്തിലെ ജീവികൾ നമ്മളെ വരിഞ്ഞ് മുറകി കെട്ടി പാതാളത്തിലേക്ക് കൊണ്ടുപോകുന്ന അനുഭവം വരും. അന്ധകാരത്തിന് നമ്മളെ ബന്ധിപ്പിക്കാൻ കഴിയും. (പുറപ്പാട് 10:22) സത്യം നിങ്ങളെ സ്വതന്ത്രമാക്കുമെന്ന് യഹോവ പറയുന്നുണ്ട്. (വിശുദ്ധ യോഹന്നാൻ 8:32-44)

നാം എന്തെല്ലാം ഭോഷ്ക്കുകൾ വിശ്വസിച്ചിരിക്കുന്നു. പിശാച് കള്ളം പറയുന്നവനും, വിദഗ്ദ്ധമായി കള്ളം പറയാൻ അറിയാവുന്നവനുമാണ്. പിശാച് കള്ളം പറഞ്ഞാൽ നേരാണ്, എന്നേ തോന്നുകയുള്ളു. ഏദൻതോട്ടത്തിൽ ഹവ്വായോട് പറഞ്ഞ കാര്യങ്ങൾ എല്ലാം കള്ളമായിരുന്നു. പക്ഷേ അത് അവൾ വിശ്വസിച്ചു. ദൈവം പറഞ്ഞ സത്യത്തിനെക്കാൾ, പിശാച് പറഞ്ഞ കള്ളങ്ങൾ ആകർഷണീയമായി, മോഹനിയമായി, സ്വീകാര്യമായി തോന്നിയതുകൊണ്ട് ഹവ്വാ പിശാച് പറഞ്ഞ കള്ളങ്ങൾ വിശ്വസിച്ചു. അത് അവൾക്ക് ബന്ധനമായി തീർന്നു. ഹവ്വായെ ആ പാമ്പ് ഏദൻതോട്ടത്തിൽ നിന്ന് വലിച്ചിഴച്ച് പാതാളത്തിൽ കൊണ്ടുപോയി അവിടെ കെട്ടിയിട്ടു. അനേകായിരം വർഷങ്ങൾ പാതാളത്തിൽ യാതനകൾ അനുഭവിച്ചതിനുശേഷമാണ്, ഹവ്വായുടെ കൊച്ചുമകനായ യേശു ഈ ഭൂമിയിൽ വന്ന് ഒടുക്കത്തെ ആദാമായി പാതാളത്തിൽ ചെന്ന് അവരോട് സത്യം പറഞ്ഞു: സാത്താൻ ഇത്രയും കാലം കള്ളം പറഞ്ഞ്, നിങ്ങളെ ഇവിടെ ബന്ധിച്ചിട്ടിരിക്കുകയാണ്, ഞാൻ സത്യം പറയാൻ വന്നതാണ് എന്നു പറഞ്ഞു.

യേശുവിന്റെ ജീവനും ആത്മാവും സത്യങ്ങളും, അവർ പാതാളത്തിൽ ചെന്ന്, വചനശുശ്രൂഷ കേട്ടുകൊണ്ടിരുന്നപ്പോൾ, അവർക്ക് വിടുതൽ കൊടുത്തു. ആ സ്വാതന്ത്ര്യം കിട്ടിയ ആദാമിനെയും ഹവ്വായെയും കള്ളനെയും എല്ലാം പിടിച്ചുകൊണ്ടാണ് പറുദീസായിലേക്ക് കർത്താവ് കയറിപ്പോയത്. എന്തെല്ലാം കാര്യങ്ങളാണ് നമുക്ക് ബന്ധനം വരുത്തുന്നത്? രോഗത്തിന് നമ്മളെ ബന്ധിക്കാൻ കഴിയും. പാപത്തിന് നമ്മളെ ബന്ധിക്കാൻ കഴിയും. ഭോഷ്ക്കിന് നമ്മളെ ബന്ധിക്കാൻ കഴിയും. അന്ധകാരത്തിന് നമ്മളെ ബന്ധിക്കാൻ കഴിയും. ഇവിടെയെല്ലാം ദൈവാത്മാവും ദൈവവചനവും ആരാധനയുമാണ് നമുക്ക് സ്വാതന്ത്ര്യം നൽകുന്നത്. ഏതെല്ലാം തരം ബന്ധനങ്ങൾ നമുക്ക് ഇന്ന് ഉണ്ട്. സ്വയബന്ധനം, പരബന്ധനം, ദൃശ്യബന്ധനം, അദൃശ്യബന്ധനം, പാപ ബന്ധനം, രോഗ ബന്ധനം അങ്ങനെ പലവിധ ബന്ധനങ്ങൾ ഉണ്ട്. ഇതിന്റെയെല്ലാം കണക്കുനോക്കിയാൽ പരിഹാരമായിട്ട്, ഇത് വക വയ്ക്കാതെ ഉള്ള ശക്തി ഉപയോഗിച്ച് ആരാധിക്കാൻ പോയാൽ മതി. കർത്താവ് കൃത്യസമയത്ത് ബന്ധനത്തിൽ നിന്ന് വിടുവിക്കും എന്നുള്ളതാണ് ഇന്നത്തെ വേദഭാഗത്തിന്റെ സന്ദേശം. പതിനെട്ട് വർഷങ്ങൾ രോഗബന്ധനവും പിശാചിന്റെ ബന്ധനവും ഉണ്ടായിരുന്നെങ്കിലും കൂനിയായ സ്ത്രീയ്ക്കു ആരാധനയ്ക്കും പോകുന്നതിന് മടിച്ചില്ല. ആരാധനയ്ക്കു അവൾ ഒരു മടിയുമില്ലാതെ വലിഞ്ഞും ഇഴഞ്ഞും വടി ഇടിച്ചുമാണ് വന്നത്. അത് നാട്ടുകാർക്കും വീട്ടുകാർക്കും എല്ലാം നാണക്കേടായി കാണും; വീട്ടുകാർക്കാണ് ഏററവും കൂടുതൽ മാനക്കേട് ഉണ്ടാക്കിയത്. ആ മാനക്കേട് വകവയ്ക്കാതെ കർത്താവിനെ ആരാധിക്കാൻ പോയി.

പള്ളിയിൽ പോയാലും എല്ലാവർക്കും അവളോട് വെറുപ്പായിരുന്നു. അതുകൊണ്ട് ആരും കാണാതെ ഒരു മൂലയിൽ ഒററയ്ക്കു പോയിരുന്നു. അവിടെ ഇരുന്നുകൊണ്ട് ഉള്ള ശക്തി ഉപയോഗിച്ച് ആരാധന സ്ഥലത്തേക്ക് നോക്കി ആരാധിച്ച് അവൾ കടം വീട്ടികൊണ്ടിരുന്നു. അവൾക്ക് രോഗബന്ധനം വരാൻ അവളുടെയും അവളുടെ കുടുംബത്തിന്റെയും പാപശാപങ്ങൾ ഉണ്ടായിരുന്നു, അത് അവൾക്ക് അറിയമായിരുന്നു. ആ കടം തീരാൻ ആരാധനയിൽ മഹത്വവും ശക്തിയും ദൈവത്തിന് കൊടുത്തുകൊണ്ടിരുന്നു (സങ്കീർത്തനങ്ങൾ 29:1). പതിനെട്ട് വർഷങ്ങൾ കഴിഞ്ഞപ്പോഴാണ് കടം വീട്ടിയത്, തീർന്നത്. അവളെ വിടുവിക്കാൻ സ്വർഗ്ഗക്കോടതിയിൽ നിന്ന് വിധിയായി. സ്വർഗ്ഗത്തിലെ പിതാവ് പുത്രനോട് പറഞ്ഞു. ഇതാ ഒരു കൂനിയായ സ്ത്രീ ഏററവും പുറകിൽ ഉണ്ട്. അവളുടെ കടവും കേസ്സുകൾ ഇന്ന് തീർന്നിരിക്കുകയാണ്. ഇന്ന് അവൾക്ക് വിടുതൽ കൊടുക്കണം. അവളെ സ്വാതന്ത്രമാക്കണമെന്ന് പിതാവ് കല്പിച്ചതനുസരിച്ച് വിളിച്ചു വരുത്തി, അവൾക്ക് സ്വാതന്ത്ര്യവും അനുഗ്രഹവും കൊടുത്ത ദിവസമാണിത്. ഇതിൽ നിന്ന് പഠിക്കേണ്ടതായ പാഠം എന്താണ്? ഏതെങ്കിലും വിധത്തിൽ എന്തെങ്കിലും ബന്ധനമുണ്ടെങ്കിൽ നമുക്ക് ദൈവത്തെ നോക്കാനും ആരാധിക്കാനുള്ള ശക്തി കുറച്ചെങ്കിലും കാണും, അത് ഉപയോഗിച്ച് ആരാധിച്ചാൽ മതി.

ഇനിയും പാമ്പ് കടിച്ച് ചാകാൻ തുടങ്ങുന്ന ആൾ ആണെങ്കിൽ പോലും, അയാളുടെ കൈയും കാലും അനക്കാൻ സാധിക്കുകയില്ലെങ്കിലും കണ്ണ് കൊണ്ട് ആ ഗോൽഗുത്തായിൽ നോക്കിയാൽ മതിയെന്നു പറയുന്നത്. വിഷം കയറി ചങ്കിടിപ്പ് നിൽക്കാൻ പോകുന്ന ആൾ ആണെങ്കിലും ശ്വാസം നിൽക്കാൻ പോകുകയാണെങ്കിലും, മരിക്കുന്നതിന്റെ അവസാനനിമിഷത്തിൽ പോലും കണ്ണിന് കാഴ്ച ശക്തിയുണ്ടെന്നുള്ള സത്യം ശാസ്ത്രജ്ഞർ കണ്ടുപിടിച്ചിരിക്കുന്ന ഒരു കാര്യമാണ്. ഒരാളുടെ ചങ്കിടിപ്പ് നിന്നാലും ശ്വാസം നിന്നാലും രക്തയോട്ടം നിന്നാലും കണ്ണിന്റെ കാഴ്ച ഉടനെ നഷ്ടപ്പെടുന്നില്ല. കണ്ണിന് അന്തരീക്ഷത്തിൽ നിന്ന് ഓക്സിജൻ വലിച്ചെടുത്ത് രണ്ട് മൂന്ന് മണിക്കൂർ കൂടി ജീവിക്കാൻ കഴിയുമെന്ന് കണ്ടെത്തിയിരിക്കുന്നു. അതുകൊണ്ടാണ് മരിച്ച ഒരാളുടെ കണ്ണ് മററൊരാൾക്ക് കൊടുക്കാൻ കഴിയുന്നത്.

ദൈവം നമ്മളിൽ നിന്ന് പ്രതീക്ഷിക്കുന്നത് കണ്ണിന്റെ ശക്തി മുഴുവനും കർത്താവിനെ നോക്കാനാണ്. അവങ്കലേക്ക് നോക്കിയവർ പ്രകാശിതരായി, അവരുടെ മുഖം ലജ്ജിച്ചുപോയില്ല. (സങ്കീർത്തനങ്ങൾ 34:5) ഏററവും നിസാരമായ ഒരു കാര്യമാണ് രക്ഷപ്പെടാൻ നമ്മളോട് ചോദിക്കുന്നത്. പാമ്പു കടിച്ചാലും ബന്ധനം ഉണ്ടായാലും കണ്ണിന് അല്പം കാഴ്ച ഉണ്ടെങ്കിൽ, ആ കണ്ണ് ഒന്ന് തുറന്ന് ആ കുരിശിനെ നോക്കിയാൽ മതി. അതിനാണ് ആരാധനസ്ഥലത്ത് മദ്ധ്യത്തിൽ ഗോൽഗുത്താ ഉയർത്തിയിരിക്കുന്നത്. ഈ കുരിശിൽ കൂടി ഉയിർത്തെഴുന്നേററ യേശുവിനെ കാണാമെങ്കിൽ, നമ്മുടെ ബന്ധനം അഴിയുവാനുള്ള ശക്തി, നമ്മുടെ കണ്ണിലേക്ക് വരുമെന്നതാണ്. വിഷം ഇറക്കുവാനും കർത്താവിന്റെ ശക്തിയും ജീവനും നമ്മുടെ കണ്ണിലൂടെ അകത്തുകയറിവരും. അങ്ങനെ വിശ്വാസത്തോടും പ്രത്യാശയോടും കൂടി ആരാധനയിൽ ദൈവത്തിന്റെ മുഖം അന്വേഷിക്കേണം (സങ്കീർത്തനങ്ങൾ 105:4). അപ്പോൾ നമുക്ക് ബന്ധനം അഴിക്കുന്ന ശുശ്രൂഷ നൽകും. അത് അനേകവർഷം ആവർത്തിച്ചതിനുശേഷം ആയിരിക്കും അത് പൂർണ്ണമായി അഴിയുന്നത്. ഓരോ ദിവസവും അഴിയുന്ന ഒരു വശമുണ്ട്. നമ്മുടെ എല്ലാ പരിഹാസങ്ങളിലും പാപചിന്തകളിലും ഉണ്ടായ ബന്ധനം അഴിയുവാൻ പല പ്രാവശ്യത്തെ ആരാധന വേണ്ടിവരും. എല്ലാം ആരാധനസമയത്തും ഒരു ചുററ് എങ്കിലും അഴിയും. പിന്നെയും കെട്ടുകൾ കിടപ്പുണ്ട്. അവസാനത്തെ ചുററ് അഴിയുമ്പോൾ മാത്രമേ സ്വാതന്ത്ര്യം നമുക്ക് അനുഭവപ്പെടാൻ കഴിയും. നൂറ് ചുററുള്ള കെട്ടാണ് നമ്മുടെ ബന്ധനമെങ്കിൽ ഓരോ ദിവസവും അഴിഞ്ഞ് അഴിഞ്ഞ്, അവസാനത്തെ കെട്ട് അഴിയുമ്പോൾ മാത്രമേ നമുക്ക് കെട്ട അഴിഞ്ഞതായി തോന്നുകയുള്ളു എന്നതും സത്യമാണ്. പതിനെട്ട് വർഷത്തെ, ഈ കൂനിയായ സ്ത്രീയുടെ ശനിയാഴ്ചയിലെ ആരാധനസമയത്ത്, ആ കെട്ടിന്റെ എണ്ണം കുറയുന്നുണ്ടായിരുന്നു. പക്ഷേ കെട്ട് അവിടെ തന്നെ ഉണ്ടായിരുന്നു, കൂനിന് വിത്യാസമുണ്ടായിരുന്നില്ല, എന്നാൽ കെട്ടിന്റെ എണ്ണം കുറയുന്നുണ്ടായിരുന്നു. ഈ ഒരു പ്രത്യാശ നമുക്ക് വേണം. ഒരു പ്രാർത്ഥനയും വ്യർത്ഥമല്ല, ഒരു ദൈവാലയ സന്ദർശനവും വ്യർത്ഥമല്ല, ഒരു ആരാധനയും വ്യർത്ഥമല്ല, ഒന്നും കിട്ടിയില്ലയെന്നു തോന്നിയെങ്കിലും എന്തെങ്കിലും കിട്ടിട്ടുണ്ടാകും. ആ ബോധം നമുക്ക് വേണം. നമ്മുടെ പഞ്ചേന്ദ്രിയങ്ങൾക്ക് അപ്പുറമാണ് ആത്മീയ സത്യങ്ങൾ.

പഞ്ചേന്ദ്രിയങ്ങൾ കൊണ്ട് നമുക്ക് തോന്നുന്ന അനേക കാര്യങ്ങൾക്ക് അപ്പുറം യാഥാർത്ഥ്യങ്ങൾ നമ്മുടെ ആത്മാവിലും ദേഹിയുടെ മണ്ഡലത്തിലും നടന്നുകൊണ്ടിരിക്കുന്നു. ഈ ലോകം എന്നു പറയുന്നത് വളരെ പരിമിതിയുള്ളതാണ്. പഞ്ചേന്ദ്രിയങ്ങൾ നമുക്ക് തരുന്ന അറിവും വളരെ പരിമിതമാണ്. അത് യഥാർത്ഥ അറിവായി മാറണമെങ്കിൽ പരിശുദ്ധാത്മാവിന്റെ കണ്ണിലൂടെ എല്ലാം കാര്യങ്ങളും കാണണം. അതുകൊണ്ട് സത്യമായ ദൈവത്തിന്റെ സത്യസ്വർഗ്ഗത്തിന്റെയും, ആ സ്വർഗ്ഗത്തിൽ നിന്ന് തള്ളപ്പെടുന്നവർ അനുഭവിക്കുന്ന നരകത്തിന്റെയും യാഥാർത്ഥ്യങ്ങൾ, വലിയ സത്യമാണ്. അതിന്റെ ഒരു നിഴലുമാത്രമാണ് ഈ ഭൂമിയിൽ കാണുന്നത്. ഈ ഭൂമി എപ്പോൾ വേണമെങ്കിലും അപ്രത്യക്ഷമാകാം.

സ്വർഗ്ഗത്തിന്റെയും നരകത്തിന്റെയും യാഥാർത്ഥ്യങ്ങൾ, അതിന്റെ നിഴൽ ഈ ഭൂമിയിൽ ഉള്ളതുകൊണ്ട്, സ്വർഗ്ഗത്തിലെ സന്തോഷത്തിന്റെയോ നരകത്തിലെ വേദനയുടെയോ ചില അംശങ്ങൾ മാത്രമാണ് ഈ ഭൂമിയിൽ വച്ച് നാം അനുഭവിക്കുന്നത്. അത് വർദ്ധിച്ച് വർദ്ധിച്ച് ഒന്നുകിൽ നരകത്തിൽ, അല്ലെങ്കിൽ സ്വർഗ്ഗത്തിൽ എത്തത്തക്കവണ്ണം ഓരോ ദിവസത്തെ നമ്മുടെ പ്രാണൻ നമ്മൾ ആരുടെ കൈയിൽ കൊടുക്കുന്നു, ആരെ ഏൽപ്പിക്കുന്നു എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഈ കൂനിയായ സ്ത്രീ പതിനെട്ടു കൊല്ലത്തെ ആരാധനകൊണ്ടാണ് അവളുടെ ബന്ധനത്തിന്റെ അവസാനത്തെ കണ്ണികൂടി പൊട്ടാൻ, അവസാനത്തെ ആരാധന കൂടി ഉതകിയത്. അന്ന് അവൾക്ക് എന്തെങ്കിലും അസൗകര്യം വന്ന് വീട്ടിൽ ആയിരുന്നെങ്കിൽ, എന്നും എന്തിനാണ് പള്ളിയിൽ പോകുന്നത്? ഇത്രയും കാലം പോയിട്ടും വലിയ ഗുണമൊന്നുമില്ലല്ലോ? എന്ന് ആരെങ്കിലും പറഞ്ഞിട്ട്, അവൾ അന്ന് പള്ളിയിൽ പോയില്ലായിരുന്നെങ്കിൽ എന്തു സംഭവിക്കുമായിരുന്നു? തൊണ്ണൂററിയൊൻപത് കെട്ടുകൾ അഴിഞ്ഞു, നൂറാമത്തെ കെട്ട് അഴിയേണ്ട ദിവസമായിരുന്നു അന്ന്. അന്ന് പള്ളിയിൽ പോയില്ലായിരുന്നെങ്കിൽ, മറെറാരു കെട്ട് കൂടി വീഴുമായിരുന്നു. അങ്ങനെയായണെങ്കിൽ, നമ്മൾ പള്ളിയിൽ പോകാത്ത ദിവസങ്ങളിൽ അഴിയേണ്ടതായ പല കെട്ടുകൾ ഇന്ന് ഉണ്ട്. എന്താണ് കാരണം?

കോടതിയിൽ നമ്മളെ വാദിച്ച് അനുകൂലമായ വിധി പുറപ്പെടുവിക്കാൻ പല തെളിവുകളും ജഡ്ജിയുടെ കയ്യിൽ ഉള്ളപ്പോൾ, കോടതിയിൽ കേസ്സ് വാദിക്കുന്ന സമയത്ത് പ്രതി അവിടെ ഹാജരായില്ലെങ്കിൽ, മററുള്ളവർക്ക് അനുകൂലമായ വിധി പ്രഖ്യാപിക്കാൻ സാധ്യതയുണ്ട്. അതുകൊണ്ട് നാം ഹാജർ ആകേണ്ടയിടത്ത് ഹാജരായി, പറയേണ്ടത് പറഞ്ഞില്ലായെങ്കിൽ, നമുക്ക് കിട്ടേണ്ടതായ അനുകൂലം നഷ്ടപ്പെടാനും പുതിയ കേസ്സുകൾ ഉണ്ടാകാനും സാധ്യതയുണ്ട്. നമ്മുടെ പലരുടെയും ബന്ധനങ്ങൾ അഴിയാത്തതിന്റെ കാരണം എന്താണ്? ആരാധനസ്ഥലത്ത് നമ്മുടെ ആത്മശരീരമനസ്സുകൾ ശ്രദ്ധയോടെ, പഞ്ചിന്ദ്രയങ്ങൾ കർത്താവിന്റെ മുഖത്ത് സ്വർഗ്ഗത്തിലെ കോടതിയിൽ ശ്രദ്ധിച്ചു നിൽക്കണം. നമ്മൾ പറയേണ്ടത് പറയണം, നമ്മുടെ പ്രതികരണങ്ങൾ അവിടെ രേഖപ്പെടുത്തികൊണ്ടിരിക്കുകയാണ്.

എന്തുകൊണ്ട് ഈ പതിനെട്ടാം വർഷത്തിൽ ഈ കൂനിയായ സ്ത്രീയ്ക്കു ബന്ധനങ്ങൾ അഴിഞ്ഞുകിട്ടി. അവളുടെ ദൈവാലയത്തിലേയ്ക്കുള്ള വരവും അവിടെയുള്ള ഇരിപ്പും ആരാധനയും ആണ് നൂറ് ശതമാനം ദൈവത്തിൽ ആശ്രയിച്ച്, ദൈവത്തിന്റെ വചനപ്രകാരം ദൈവത്തിന്റെ കരുണയ്ക്കു അവളെ അർഹയാക്കി മാററിയത്. സ്വർഗ്ഗക്കോടതിയിലെ വിധി അവളുടെ സാന്നിദ്ധ്യംകൊണ്ട് തന്നെ അനുകൂലമായി. അങ്ങനെ ആ അനുഗ്രഹങ്ങൾ കർത്താവിന്റെ കൈയിൽ നിന്ന് നേരിട്ട് വാങ്ങിക്കുകയായിരുന്നു. സ്വർഗ്ഗക്കോടതിയിലെ ആ ജഡ്ജിയുടെ ഏജന്റായി മകനെ തന്നെ നിയോഗിച്ച് അവളെ വിളിച്ചുവരുത്തി തലയിൽ കൈവെച്ച് അനുഗ്രഹം കൊടുത്തു വിട്ടേക്കാൻ പറഞ്ഞു. ഇതുപോലെ നമ്മുടെ ആരാധന ദിവസത്തിലെ ആരാധന സമയത്തെ പ്രതികരണങ്ങൾ: അതെല്ലാം സ്വർഗ്ഗകോടതി ശ്രദ്ധിക്കുന്നുണ്ട്, അതെല്ലാം രേഖപ്പെടുത്തുന്നുണ്ട്. അത് നൂറ് ശതമാനം ദൈവത്തിന് സന്തോഷം ഉണ്ടെങ്കിൽ, ഹിതകരമാണെങ്കിൽ, അത് വിശ്വാസവും പ്രത്യാശയും ദൈവസ്നേഹവും വർദ്ധിപ്പിക്കുന്നതാണെങ്കിൽ, എല്ലാ ആരാധന സമയത്തും പാകമാകുന്ന, അഴിയാൻ പാകമാകുന്ന ചില കെട്ടുകൾ കാണും.

പലതരം കെട്ടുകൾ ഉണ്ട്. പല ആത്മീയവും മാനസീകവും ശാരീരികവുമായ കെട്ടുകൾ ഉണ്ട്. അത് ഏതെങ്കിലും ഒരു കെട്ട് അഴിയുന്ന ദിവസമായിരിക്കും ഈ ആരാധനദിവസം. ആ ആരാധനയിൽ വന്നില്ലായിരുന്നെങ്കിൽ സ്വർഗ്ഗത്തിന് സങ്കടമാണ്. വാതിൽക്കൽ കൊണ്ടുവന്ന് കലം ഒടച്ചതുപോലെയിരിക്കും. ഇന്ന് കിട്ടാമായിരുന്ന ഒരു വിടുതൽ നഷ്ടപ്പെട്ടുപോയല്ലോ? പുതിയ കേസ്സുകൾ വന്നല്ലോ? അത് തീരാൻ ഇനിയും വെറെയൊരു കാലാവധി വരെ കാത്തിരിക്കണം. അങ്ങനെയാണെങ്കിൽ ഞായറഴ്ചകളിൽ ദൈവാലയത്തിൽ പോയില്ലെങ്കിൽ, അത് കുമ്പസാരിച്ച് ഏററുപറയേണ്ടതായ പാപമാണെന്ന് കുമ്പസാരക്രമത്തിൽ എഴുതിവച്ചിരിക്കുന്നത് അത്ര നിസാരമായ കാര്യമല്ല. അനേകനാളുകൾ സ്വർഗ്ഗക്കോടതി നമുക്കുവേണ്ടി വാദിച്ച്, വാദിച്ച് നമുക്ക് അനുകൂലമായ ഒരു വിധി പുറപ്പെടുവിക്കാൻ വച്ചിരുന്ന തീയതി ആയിരുന്നു നമ്മൾ ദൈവാലയത്തിൽ പോകാതിരുന്ന ദിവസം. അതിനുവേണ്ടി നമ്മൾതന്നെ പണം മുടക്കി ചിലവ് ചെയ്തു ഒരു പുരോഹിതനെ വിളിച്ചുവരുത്തി ഏതെങ്കിലും ദൈവാലയത്തിൽ വിശുദ്ധ കുർബ്ബാന അർപ്പിച്ചാൽ മാത്രമേ, അത് പ്രായശ്ചിത്തം ആകുകയുള്ളു. (2 ശമുവേൽ 24)

അതുകൊണ്ട് ഞായറയാഴ്ചത്തെ ആരാധന എന്നു പറയുന്നത്, സഭയുടെ ചിലവിൽ വിശ്വാസികൾക്ക് ആരാധനയ്ക്കുള്ള സൗകര്യം ഒരുക്കി തരികയാണ്. അത് വിശ്വാസികൾ മുടക്കിയാൽ, വിശ്വാസിയുടെ ചിലവിൽ തന്നെ, ഈ ആരാധന സൗകര്യം എവിടെയെങ്കിലും ഉണ്ടാക്കിയിട്ട് ആ കുടിശ്ശിക തീർത്താൽ മാത്രമേ തടഞ്ഞിരിക്കുന്ന / കെട്ടികിടക്കുന്ന അനുഗ്രഹങ്ങൾ ലഭിക്കുകയുള്ളു. അതുകൊണ്ടാണ് കുമ്പസാരിച്ച് ഏററുപറയേണ്ടതായ കാര്യമാണ് എന്നു പറഞ്ഞത്. അത് സ്വർഗ്ഗത്തെ മുഴുവൻ വേദനിപ്പിക്കുന്ന ഒരു കാര്യമാണ്. അത് ദൈവത്തെയും ദൈവത്തിന്റെ പദ്ധതികളെയും തകിടം മറിക്കുന്ന കാര്യമാണ്. അതുകൊണ്ടാണ് ആരാധന മുടക്കരുത് എന്നു പറയുന്നത്; നിസ്സാരമായ കാര്യമല്ല. രോഗത്തെയും അതിന്റെ കാഠിന്യത്തെയും കുറിച്ചും അതിന്റെ പ്രതിവിധിയെകുറിച്ചും അറിയാവുന്ന ഡോക്ടർ ആണ് ആ മരുന്ന് കുറിക്കുന്നത്, കഷായം കുറിക്കുന്നത്.

അതിന്റെ അളവ് തെററിച്ചാൽ, ക്രമം തെററിച്ചാൽ പിന്നെ ആദ്യമുതൽ തുടങ്ങണം. ക്രമം തെററിച്ചപ്പോൾ അത് അലസമായിപ്പോയി. അതിനാൽ വീണ്ടും ആദ്യംമുതൽ തുടങ്ങണം. ഇങ്ങനെ നമ്മുടെ അശ്രദ്ധകൊണ്ടും അനുസരണക്കേടുകൊണ്ടും നിസഹകരണംകൊണ്ടും, അസാന്നിദ്ധ്യംകൊണ്ടും, നഷ്ടപ്പെട്ടുപോയ ഒത്തിരി അനുഗ്രഹങ്ങൾ, നേട്ടങ്ങൾ, കൃപാവരങ്ങൾ ആത്മലോകത്ത് കുടിശ്ശികയായി കിടപ്പുണ്ട്. കർത്താവേ, എനിക്ക് എത്രമാത്രം ബന്ധനങ്ങൾ അഴിയാനുണ്ട്? സ്വയബന്ധനം, പരബന്ധനം, പിശാചിന്റെ ബന്ധനം, രോഗബന്ധനം, പരിഹാസബന്ധനം അങ്ങനെ അനവധി ബന്ധനങ്ങൾ ഉണ്ട്. പൂർവ്വികരുടെ വക, എന്റെ വക, മദ്ധ്യസ്ഥതപ്രാർത്ഥന നടത്തിയതിന്റെ വക അങ്ങനെ, അനവധി ബന്ധനങ്ങൾ ഉണ്ടാകാം. യേശുവിന് കിട്ടിയ ബന്ധനം, അപ്പൊസ്തലന്മാർക്ക് കിട്ടിയ ബന്ധനം അങ്ങനെ പലതരത്തിലുള്ള ബന്ധനങ്ങൾ ഉണ്ട്. ഈ ബന്ധനങ്ങൾ ഇനിയും എത്ര എനിക്ക് ഉണ്ട്? അത് പാകമാകുന്നത് എന്നാണ്? അതിന് എത്ര പ്രാവശ്യം ആരാധിക്കേണം. എവിടെയെല്ലാം ഞാൻ ആരാധന മുടക്കിയിരിക്കുന്നു? ഇതെല്ലാം ചോദിച്ചാൽ വിവരാവകാശപത്രികയിലൂടെ (സ്വയപരിശോധനചോദ്യസഹായി) അറിയാൻ സാധിക്കും. അറിയിച്ചാൽ അത് അനുസരിച്ച് ജീവിക്കണം. അത് അനുസരിച്ച് പ്രതിക്രിയ നടത്തിയാൽ മാത്രമേ കാര്യങ്ങൾ നടക്കുകയുള്ളു. പതിനെട്ട് വർഷങ്ങൾ ആരാധനയ്ക്കു വന്ന്, വിടുതൽ പ്രാപിച്ചതായ കൂനിയായ സ്ത്രീ, വീട്ടിൽ ഒരു ഒഴിയ ബാധയായിരുന്നു. വീട്ടുകാർക്ക് മഹാശല്യം, അവർക്ക് ഈ സ്ത്രീയോട് മഹാവെറുപ്പായിരുന്നു. ആരാധനയ്ക്കായി ദൈവാലയത്തിൽ പോകുന്നതും അവർക്ക് ഇഷ്ടമില്ലായിരുന്നു. വടിയുംപിടിച്ച് കൂനി, കൂനി പോകുന്നത് നാട്ടുകാർക്ക് ഇഷ്ടമില്ലായിരുന്നു. അവൾ ദൈവാലയത്തിൽ നിന്ന് സൗഖ്യം കിട്ടി കഴിഞ്ഞ് ഉടനെ കർത്താവിന്റെ അടുത്ത് ചെന്ന് പറഞ്ഞു, കർത്താവേ, ദയവുചെയ്തു ഇനിയും വീട്ടിൽ പോകാൻ പറയരുത്. എനിക്ക് വീട്ടിൽ പോകാൻ മനസ്സില്ല. എന്നെ വീട്ടുകാർക്ക് വേണ്ടാ, ഞാൻ നിന്റെ കൂടെ വരികയാണെന്നും പറഞ്ഞു. കർത്താവിന്റെ കൂടെ കനാന്യസ്ത്രീയുണ്ട്, ശമര്യസ്ത്രീയുണ്ട്. നീയും അവരുടെകൂടെ വന്നോളു എന്നു കർത്താവ് പറഞ്ഞു കാണും.

ആർക്കും വേണ്ടാത്തവർക്കുവേണ്ടിയാണ് ദൈവം എന്നെ വിട്ടിരിക്കുന്നത് എന്നു പറഞ്ഞപ്പോൾ, ഈ കൂനിയായ സ്ത്രീ കർത്താവിന്റെ കൂടെ ചേർന്നു. ആ കാര്യമാണ് വിശുദ്ധ ലൂക്കൊസിന്റെ സുവിശേഷം എട്ടാം അദ്ധ്യായത്തിൽ എഴുതിയിരിക്കുന്നത്. എട്ടാം അദ്ധ്യായത്തിൽ പേരുകൾ പറയാത്ത കുറെ സ്ത്രീകൾ ഉണ്ട്. പേരുകൾ പറയുന്ന സ്ത്രീകൾ ഉണ്ട്. പേരുകൾ പറയാത്ത സ്ത്രീകളിൽ ഈ കൂനിയായ സ്ത്രീയും ഉണ്ടായിരുന്നു. നമുക്ക് ആ സ്ത്രീയുടെ കൂട്ടത്തിൽ ചേരാൻ സാധിക്കുമോ? പേരുകൾ പറയപ്പെടാത്ത സ്ത്രീകൾ പിന്നീട് ചരിത്രം സൃഷ്ടിച്ച സ്ത്രീകളായി തീർന്നു. കൂനിയായ സ്ത്രീയ്ക്കു മാമോദീസാ ഏററപ്പോൾ പുതിയ ഒരു പേര് കിട്ടി കാണും. പെന്തിക്കൊസ്തിയിൽ കാത്തിരുന്ന കൂട്ടത്തിലും കാണും. കാരണം അവൾക്ക് മററ് ഏങ്ങും പോകാൻ ഇടം ഇല്ല. നടുവ് നിവർന്നു കിട്ടിയതല്ലോ?

ആ സന്തോഷം കൊണ്ട് കർത്താവിന്റെ കൂടെ ചേർന്നു. അങ്ങനെ അവളുടെ ജീവിതകാലം മുഴുവൻ കർത്താവിനെ സാക്ഷിച്ചു. അങ്ങനെയുള്ള ഒരു ദിവസം ആകട്ടെയെന്നു ആശംസിക്കുന്നു. കർത്താവേ! എന്റെ ജീവിതത്തിൽ, എന്റെ കുടുംബത്തിൽ, എന്റെ സ്ഥാപനങ്ങളിൽ ഏതെല്ലാം തരം ബന്ധനങ്ങളാണ് എന്നെ കാത്തിരിക്കുന്നത്. അതുകൊണ്ട് ഒരിക്കലും ഞാൻ ഇനിയും ആരാധന മുടക്കില്ല. എന്തെല്ലാം അസൗകര്യം വന്നാലും ഞാൻ ആരാധിച്ചോളാം. കൃത്യസമയത്ത് പേര് വിളിച്ച് കാര്യങ്ങൾ / അനുഗ്രഹങ്ങൾ എനിക്ക് തരുന്നവനാകയാൽ ഞാൻ ഇനിയും ഒന്നും ചോദിക്കുന്നില്ല. നിന്നെ ആരാധിക്കുന്ന അനുഭവം മുടങ്ങാതെ നോക്കാൻ ശക്തി തരണമെയെന്ന് യാചിക്കുന്നു. കർത്താവേ! നിന്നെ ആരാധിക്കുവാനുള്ള അവകാശം, ആ വലിയ ഭാഗ്യം നഷ്ടപ്പെടരുത്. അത് എപ്പോഴും പ്രയോജനപ്പെടുത്താൻ സഹായിക്കണമേ. കഴിഞ്ഞ കാങ്ങളിൽ ആരാധന മുടക്കിയ ദിവസങ്ങൾ, സാഹചര്യങ്ങൾ, നമുക്ക് നഷ്ടപ്പെട്ടുപോയതും സ്വർഗ്ഗത്തിൽ കെട്ടികിടക്കുന്നതുമായ അനവധി അനുഗ്രഹങ്ങൾ ഉണ്ട്. അതിനെ ക്ഷമ ചോദിച്ച്, അനുഗ്രഹങ്ങൾ ഏററുവാങ്ങാനായി നമ്മുടെ ആരാധനകളെ നാം പ്രയോജനപ്പെടുത്താം.